പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1623 | 13.06.2014 ൽ മറുപടിയ്ക്ക് |
| നഗരൂർ ഗ്രാമപഞ്ചായത്തിലെ മാതൃകാ അംഗൻവാടി | |
| ചോദ്യം | ഉത്തരം |
| ശ്രീ. ബി. സത്യൻ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) നഗരൂർ ഗ്രാമപഞ്ചായത്തിലെ മാതൃകാ അംഗൻവാടിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ; | (എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ നഗരൂർ പഞ്ചായത്തിൽ നിർമ്മിക്കുന്ന അംഗൻവാടി കെട്ടിടത്തിന്റെ 75% പണി പൂർത്തിയായിട്ടുണ്ട്. മുകൾ നില ഷീറ്റിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) രണ്ട് മാസത്തിനുള്ളിൽ പണി പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (സി) ഇതിനായി ആകെ എന്തു തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും ഇതേവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ? | (സി) ഒരു മാതൃകാ അംഗൻവാടി നിർമ്മിക്കുന്നതിനായി അനുവദിച്ചിട്ടുള്ളത് 23,75,000 രൂപയാണ്. ടി തുക പണി പൂർത്തിയാക്കി ബിൽ ഹാജരാക്കുന്ന മുറയ്ക്ക് അനുവദിക്കുന്നതാണ്. നാളിതുവരെ പ്രസ്തുത കെട്ടിട നിർമ്മാണം നടത്തുന്ന പൊതുമരാമത്ത് വകുപ്പിന് തുകയൊന്നും നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ